പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.27[illegible]

20.03.2015 ൽ
മറുപടിക്ക്

## നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ നടപടികൾ

ചോദ്യം
ശ്രീ.വി.ശശി

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | റവന്യൂ രേഖകളിൽ 'നിലം 'എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ നിലവിൽ നിലം അല്ലാത്തതും അടുത്ത സ്ഥലങ്ങളിൽ കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന തുമായ സ്ഥലത്ത് താമസ്സത്തിനോ മറ്റ് ആവശ്യത്തിനോ കെട്ടിടം നിർമ്മിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കണ മെന്ന് വ്യക്തമാക്കാമോ; | (എ). | റവന്യൂ രേഖകളിൽ 'നിലം 'എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും കേരളാ നെൽവയൽ തണ്ണീർത്തട നിയമത്തിലെ നിലം എന്ന നിർവചനത്തിൽപ്പെടുന്നതും ഡാറ്റാബാങ്കിൽ നിലമായി രേഖപ്പെടുത്തി യിട്ടുള്ളതുമായ ഭൂമി, ഉടമസ്ഥന് വീട് വയ്ക്കുന്നതിന് വേണ്ടിയോ പൊതു ആവശ്യത്തിനു വേണ്ടിയോ പരിവർത്തന പ്പെടുത്തുന്നതിനുള്ള നടപടികൾ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമാണ് സ്വീകരിക്കേണ്ടത്. ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി പൊതു ആവശ്യങ്ങൾക്കോ നെൽവയലിന്റെ ഉടമസ്ഥർക്ക് വീട് വയ്ക്കുന്നതിന് വേണ്ടിയോ നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് അതത് സംഗതി പോലെ സംസ്ഥാനതല സമിതിക്കോ ജില്ലാതല സമിതിക്കോ പ്രാദേശികതല സമിതിക്കോ ശുപാർശ ചെയ്യാവുന്നതാണ്. ഇത്തരത്തിൽ |

| | | | |
|---|---|---|---|
| | | | ലഭിക്കുന്ന വീട് വയ്ക്കുന്നതിനുള്ള അപേക്ഷകളിൻമേൽ ജില്ലാതല അധികൃത സമിതികൾക്ക് നിയമാനുസൃത തീരുമാനം എടുക്കാവുന്നതാണ്. ഡാറ്റാബാങ്കിൽ ഉൾപ്പെടാത്ത ഭൂമി മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുവാൻ അനുമതി നൽകേണ്ടത് 1967 ലെ കെ.എൽ.യു. ഉത്തരവ് Clause 2(a) പ്രകാരം ജില്ലാ കളക്ടറോ, ആർ.ഡി.ഒ യോ ആണ്. |
| (ബി) | 'നിലം 'എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് വീട് നിർമ്മിക്കുന്നതിന് എത്ര സെന്റ് വരെയുള്ള വസ്തുവിനാണ് ഇളവ് അനുവദിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം വീട് വയ്ക്കുന്നതിന് പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പാലിറ്റി / കോർപ്പറേഷനിൽ 5 സെന്റിലും കൂടുതൽ നെൽവയൽ നികത്തുവാൻ പാടുള്ളതല്ല. 1967 ലെ കെ.എൽ.യു.ഓർഡർ സംബന്ധിച്ച് 05.02.2002 ലെ ജി.ഒ.(ആർ.റ്റി) 157/2002/കൃഷി പ്രകാരം പരമാവധി 5 സെന്റാണ് പരിവർത്തനപ്പെടുത്താവുന്നത്.<br><br>സെക്ഷൻ ഓഫീസർ |